# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 750 — 02.12.2015 -ൽ മറുപടിക്ക്

## പതിനെട്ടു വയസിന് താഴെയുള്ളവർക്ക് സൗജന്യ ചികിൽസ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി. എൻ. പ്രതാപൻ :<br>,, എം. പി. വിൻസെന്റ് :<br>,, സി. പി. മുഹമ്മദ് :<br>,, പി. എ. മാധവൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി) |
| (എ) പതിനെട്ട് വയസിന് താഴെയുള്ളവർക്ക് എല്ലാ രോഗങ്ങൾക്കും സൗജന്യ ചികിൽസ നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) ആർ.ബി.എസ്.കെ, ആരോഗ്യകിരണം പദ്ധതികളുടെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്കുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കുമുള്ള ചികിത്സ ലഭ്യമാക്കുക എന്നത് ഈ പദ്ധതികളുടെ പ്രധാന ലക്ഷ്യമാണ്. ഈ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ ചികിത്സാ ചെലവുകൾ കാരണം കഷ്ടപ്പെടുന്ന അനേകായിരം കുടുംബങ്ങൾക്ക് വലിയ ആശ്വാസം നൽകുന്നതിനോടൊപ്പം അവരെ മാനസികമായും സാമൂഹികമായും ഉന്നതിയിലേക്ക് നയിക്കുന്നതിനും സാധിക്കുന്നു. |
| (സി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ? | (സി) രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രമം (ആർ.ബി.എസ്.കെ) എന്ന കേന്ദ്രസർക്കാർ പദ്ധതി 2013 അവസാനത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കി തുടങ്ങി. 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ പദ്ധതിക്കാവശ്യമായ തുക ദേശീയ ആരോഗ്യ ദൗത്യം വഴി ലഭ്യമാകുകയും, പദ്ധതി ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പുകളുടെ സഹായസഹകരണത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുകയും ചെയ്യുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിലേക്കായി കേന്ദ്ര ഗവൺമെന്റ് വിശദമായ മാർഗ്ഗനിർദ്ദേശം |

നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ വിവിധ വശങ്ങളെപ്പറ്റി വിശദമായി പ്രതിപാദിക്കുന്ന സമഗ്രമായ മാർഗ്ഗനിർദ്ദേശം 2014-15, 2015-16 വർഷങ്ങളിൽ സംസ്ഥാന ആരോഗ്യ കേരളം മിഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ അവലോകനം ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും കാര്യക്ഷമമായി നടന്നുവരുന്നു.

20.05.2013 -ലെ സർക്കാർ ഉത്തരവ് സ.ഉ. (എം.എസ്) നം.178/2013/ആ.കു..വ. പ്രകാരം ആരോഗ്യകിരണം പദ്ധതി നിലവിൽ വന്നു. തുടർന്ന് പദ്ധതിയുടെ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന ആരോഗ്യ മിഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ആരോഗ്യകിരണം പദ്ധതിക്കാവശ്യമായി വരുന്ന തുക, അതാത് സാമ്പത്തിക വർഷം സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തുകയും, തുക പൂർണ്ണമായും ലഭ്യമാക്കുകയും ചെയ്യുന്നു. സർക്കാർ ആശുപത്രികൾ മുഖേനയും, ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി മുഖേനയുമാണ് സൗജന്യ ചികിത്സ മുഖ്യമായും നൽകിവരുന്നത്.

സെക്ഷൻ ഓഫീസർ